**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ, നിയമന രീതി എന്നിവ ചുവടെ ചേർക്കുന്നു.
<table>
<tr><td>തസ്തിക</td><td>നിയമനരീതി (ഡെപ്യൂട്ടേഷൻ, പുനർനിയമന വ്യവസ്ഥ)</td></tr>
<tr><td>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ</td><td>പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികചുമതല</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ</td><td>പുനർനിയമനവ്യവസ്ഥ പ്രകാരം</td></tr>
<tr><td>മിഷൻ അണ്ടർ സെക്രട്ടറി</td><td>ഡെപ്യൂട്ടേഷൻ</td></tr>
<tr><td>മിഷൻ പ്രോജക്റ്റ് ഓഫീസർ</td><td>ഡെപ്യൂട്ടേഷൻ</td></tr>
<tr><td>അക്കൗണ്ട്സ് ഓഫീസർ/ ഫിനാൻസ് ഓഫീസർ</td><td>ഡെപ്യൂട്ടേഷൻ</td></tr>
<tr><td>വിദ്യാഭ്യാസ വിദഗ്ധൻ (2)</td><td>പുനർനിയമനം/ ഡെപ്യൂട്ടേഷൻ</td></tr>
<tr><td>നിയമവിദഗ്ധൻ</td><td>പുനർനിയമന വ്യവസ്ഥ</td></tr>
<tr><td>ജില്ലാ കോർഡിനേറ്റർ (14)</td><td>ഡെപ്യൂട്ടേഷൻ</td></tr>
<tr><td>ദിവസവേതനം</td><td></td></tr>
<tr><td>ക്ലർക്ക് കം ടൈപ്പിസ്റ്റ്</td><td></td></tr>
<tr><td>എൽ.ഡി.ടൈപ്പിസ്റ്റ്</td><td></td></tr>
<tr><td>ഓഫീസ് അറ്റന്റ്</td><td></td></tr>
</table></td></tr>
<tr><td>(ബി)</td><td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം, നിയമന രീതി, നിയമനത്തിന്റെ സ്വഭാവം, പ്രസ്തുത ജീവനക്കാർക്ക് ഓരോരുത്തർക്കും ഇതുവരെ അനുവദിച്ച ശമ്പളം/പ്രതിഫലം, യാത്ര ബത്ത, മറ്റ്</td><td>(ബി)</td><td>24/11/2017 മുതൽ 01/06/2018 വരെ ഡോ.പി. കെ.ജയശ്രീ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചാർജ് വഹിച്ചിരുന്നു. അതിനു ശേഷം അതാത് കാലഘട്ടങ്ങളിൽ പൊതുവിദ്യാഭ്യസ ഡയറക്ടറായിരുന്ന ഉദ്യോഗസ്ഥർക്കാണ് സി.ഇ.ഒയുടെ ചാർജ്ജ് നൽകിയിരുന്നത്. ദിവസവേതനക്കാരായ മൂന്ന് ഉദ്യോഗസ്ഥർക്ക് 2018 ജനുവരി മുതൽ 2022 മെയ് വരെ 21,00,000/- രൂപ വേതനമായി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

<table>
<tr><td></td><td>അലവൻസുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വിശദമാക്കുമോ;</td><td></td><td></td></tr>
<tr><td>(സി)</td><td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി പ്രവർത്തിച്ചുവന്നിരുന്ന ഏതെങ്കിലും ജീവനക്കാർ ഖാദർ കമ്മറ്റിയിൽ അംഗമായി പ്രവർത്തിച്ച് വന്നിരുന്നോ; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(സി)</td><td>അതെ.<br><br>1) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായ ഡോ.സി. രാമകൃഷ്ണൻ (റിട്ട. ഹയർസെക്കന്ററി പ്രിൻസിപ്പാൾ )<br><br>2) നിയമകാര്യ വിദഗ്ധനായ ശ്രീ. ജി. ജ്യോതിചൂഢൻ (റിട്ട.സ്പെഷ്യൽ സെക്രട്ടറി. ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)</td></tr>
<tr><td>(ഡി)</td><td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലും ഖാദർ കമ്മറ്റി വിദഗ്ധ സമിതിയിലും അംഗങ്ങളായി പ്രവർത്തിച്ചു വന്നിരുന്നവർ ഉണ്ടെങ്കിൽ അത്തരം ജീവനക്കാർ ഖാദർ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൈപ്പറ്റിയ പ്രതിഫലം, യാത്രബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?</td><td>(ഡി)</td><td>
<table>
<tr><th>നം.</th><th>അംഗത്തിന്റെ പേര്</th><th>സിറ്റിങ്ങ് ഫീസ്(തുക രൂപയിൽ)</th><th>യാത്രബത്ത(തുക രൂപയിൽ)</th></tr>
<tr><td>1.</td><td>ഡോ.സി. രാമകൃഷ്ണൻ</td><td>1,52,000</td><td>16,328/-<br><br>(പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നിന്നും വിടുതൽ ചെയ്ത ശേഷം നടന്ന സിറ്റിങ്ങുകൾക്കുള്ള യാത്രാബത്ത)</td></tr>
<tr><td>2.</td><td>ശ്രീ. ജ്യോതിചൂഡൻ</td><td>1,40,000</td><td>----</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ